**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1809** **10.03.2020-ൽ മറുപടിയ്ക്ക്**

## ആൽബെന്റസോൾ ഗുളികകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | ദേശീയ വിരവിമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെന്റസോൾ ഗുളികകൾ ഗുണനിലവാരം ഇല്ലാത്തതുകൊണ്ട് വിതരണം ചെയ്യേണ്ട എന്ന് നിർദ്ദേശിച്ചിരുന്നോയെന്ന് വെളിപ്പെടുത്തുമോ; | എ) | ദേശീയ വിരവിമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെന്റസോൾ ഗുളികകൾക്ക് നിറവ്യത്യാസം കാണപ്പെട്ടതായി പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി മരുന്നിന്റെ രണ്ടു ബാച്ചുകളുടെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽ നിന്നും ടി മരുന്നിന്റെ സാമ്പിളുകൾ ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കുകയുമുണ്ടായി. |
| ബി) | സംസ്ഥാനത്തെ ഏത് സ്ഥാപനമാണ് പ്രസ്തുത മരുന്ന് നിർമ്മിച്ചതെന്ന് അറിയിക്കുമോ; | ബി) | പ്രസ്തുത മരുന്ന് നിർമ്മിച്ചത് Kerala State Drugs & Pharmaceuticals Ltd എന്ന സ്ഥാപനമാണ്. |
| സി) | ഗുണനിലവാരം ഇല്ലാത്ത മരുന്ന് ഉല്പാദിപ്പിച്ച കമ്പനിയുടെ വിശദീകരണം തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | സി) | മരുന്നിന്റെ ഗുണനിലവാര പരിശോധനാ ഫലം ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**